# കൂടിയാട്ടാവതരണം
# ഗവ.ഹൈസ്കൂൾ മുപ്പത്തടം

പൗരാണിക കലാരൂപമായ കൂടിയാട്ടത്തെക്കുറിച്ചുള്ള അവബോധം കുട്ടികളിൽ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ സ്പിക്ക് മെക്ക എന്ന സംഘടനയും,കൊച്ചിൻ ഷിപ്പിയാർഡും, ജില്ലാഭരണകൂടവും വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് മുപ്പത്തടം ഗവ.ഹൈസ്കൂളിൽ നടത്തി. കൂടിയാട്ടം അവതരിപ്പിച്ചും നാട്യാനുഭവത്തിന്റെ വിസ്മയം പകർന്നുകൊണ്ട് അമ്മന്നൂർ ഗുരുകുലത്തിലെ ശ്രീ സൂരജ് നമ്പ്യാർ, ശ്രീ അമ്മന്നൂർ രജനീഷ് ചാക്യാർ എന്നിവർക്കൊപ്പം മിഴാവിൽ താളം പകർന്ന് കലാമണ്ഡലം നാരായണൻ നമ്പ്യാർ, കലാമണ്ഡലം ഹരിഹരൻ ചമയ കലാകാരൻ ശ്രീ കലാനിലയം ഹരിദാസ് എന്നിവർ അരങ്ങിനെ ധന്യമാക്കി.പരിപാടിയുടെ ഉദ്ഘാടനം കടുങ്ങല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രത്നമ്മ സുരേഷ് നിർവഹിച്ചു. സ്കൂൾ ഹെഡ് മിസ്ട്രസ്സ് ശ്രീമതി അജിതകുമാരി, പി.ടി.എ പ്രസിഡന്റ് ശ്രീ അബ്ദുൾ സത്താർ,സ്റ്റാഫ് സെക്രട്ടറി ശ്രീ സിബി അഗസ്റ്റിൻ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ശ്രീ സൂരജ് നമ്പ്യാർ സോദാഹരണ പ്രഭാഷണവും ശ്രീ അമ്മന്നൂർ രജനീഷ് ചാക്യാർ കൈലാസോദ്ധാരണ രംഗാവതരണവും ചെയ്തു.




MACAY
COCHIN
RM-2019"
Administration
&
partment, Ernakulam
Shipyard
ODIYATTAM